പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.1683 14/07/2016-ൽ മറുപടിക്ക്

# തോപ്പുംപടി കെ.എസ്.ഇ.ബി. സെക്ഷൻ ആഫീസ് നിർമ്മാണം

ചോദ്യം

ശ്രീ.കെ.ജെ.മാക്സി

(എ) കൊച്ചി മണ്ഡലത്തിൽ 11-12-2015-ൽ ഭരണാനുമതി ലഭിച്ച തോപ്പുംപടി കെ.എസ്.ഇ.ബി. സെക്ഷൻ ആഫീസ് നിർമ്മാണ പ്രവൃത്തി ആരംഭിക്കാൻ നില വിലുള്ള തടസ്സങ്ങൾ എന്താണെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത സെക്ഷൻ ഓഫീസ് കെട്ടിട നിർമ്മാണം എത്രയും വേഗം ആരംഭിക്കുവാൻ നടപടി സ്വീകരി ക്കുമോ ;

(സി) നിർമ്മാണ പ്രവർത്തനം എന്നാരം ഭിക്കുമെന്നും നിർമ്മാണത്തിന് മേൽനോട്ടം വഹിക്കുന്ന ഏജൻസി ഏതാണെന്നും നിർമ്മാണം എന്ന് പൂർത്തിയാക്കുമെന്നും വ്യക്തമാ ക്കുമോ ?

മറുപടി

ശ്രീ. കടകംപള്ളി സുരേന്ദ്രൻ
(വൈദ്യുതിയും ദേവസ്വവും വകുപ്പ മന്ത്രി)

**(എ)യും (ബി)യും (സി)യും**

തോപ്പുംപടി കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസ് നിർമ്മിക്കുന്നതിനായി കൊച്ചി LAC, MLA ഫണ്ടിൽ നിന്നും [(Legislative Assembly Constituency Asset Development Scheme (LAC – ADS)] 80 ലക്ഷം രൂപ അനുവദി ച്ചിട്ടുണ്ട്. പ്രസ്തുത തുക കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന് നൽകി യിട്ടില്ല. ടി തുക ലഭിക്കുന്ന മുറയ്ക്ക് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ മേൽനോട്ടത്തിൽ നിർമ്മാണപ്രവർത്തനങ്ങൾ നടത്തുന്നതാണ്. നിർമ്മാണം ആരംഭിച്ചാൽ 6 മാസത്തിനുള്ളിൽ പൂർത്തിയാക്കുവാൻ സാധിക്കും.

സെക്ഷൻ ഓഫീസർ